# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1887 16/02/2016-ൽ മറുപടിയ്ക്ക്**

**ഫിഷറീസ് തീരദേശ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം<br>ശ്രീ. കെ. കെ. നാരായണൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) ധർമ്മടം നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) ധർമ്മടം നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്നും, ഇനി എന്തെല്ലാം പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കാമോ ? | ബി) ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളിൽ സമ്പാദ്യ ആശ്വാസ പദ്ധതി, സീ റാഞ്ചിംഗ്, ഭവന പുനഃരുദ്ധാരണം, സാനിറ്റേഷൻ എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിക്കാൻ ബാക്കിയുണ്ട്<br><br>മുഴുപ്പിലങ്ങാട് രണ്ടു ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. മുഴുപ്പിലങ്ങാട് കുടിവെള്ള പദ്ധതി, വൈദ്യുതീകരണ പദ്ധതി എന്നിവ പുരോഗമിച്ചുവരുന്നു.<br><br>കൈപ്പാട് നെല്ലും ചെമ്മീനും പദ്ധതി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

ഫിഷറീസ് വകുപ്പ്

കണ്ണൂർ ജില്ലയിൽ ധർമ്മടം നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് കഴിഞ്ഞ 5 വർഷങ്ങളിലായി ഭവന നിർമ്മാണം, ഭവന പുനഃരുദ്ധാരണം, സാനിറ്റേഷൻ, സമ്പാദ്യ ആശ്വാസ പദ്ധതി, സീ റാഞ്ചിംഗ് എന്നീ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഭവന നിർമ്മാണ പദ്ധതിയിൽ 38 പേർക്ക് 2 ലക്ഷം രൂപ നിരക്കിലും, ഭവന പുനഃരുദ്ധാരണ പദ്ധതിയ്ക്ക് 18 പേർക്ക് 50,000/- രൂപ നിരക്കിലും സാനിറ്റേഷൻ പദ്ധതിയ്ക്ക് 10 പേർക്ക് 17,500/- രൂപ നിരക്കിലുമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

**തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:**

**സമഗ്ര തീരദേശ വികസന പദ്ധതി 2008-09**

ഫിഷ് ലാന്റിംഗ് സെൻർ നിർമ്മാണം - **40.81 ലക്ഷം രൂപ**
(ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മിച്ചത്)

ഫിഷ് ലാന്റിംഗ് സെൻർ നിർമ്മാണം - **25.41 ലക്ഷം രൂപ**
(കെ.എസ്.സി.എ.ഡി.സി.മുഖേന നിർമ്മിച്ചത്)

**സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15**

**മുഴുപ്പിലങ്ങാട് മത്സ്യഗ്രാമം**

| | | |
|---|---|---|
| കുടിവെള്ള പദ്ധതി | - | 50.00 ലക്ഷം രൂപ |
| വൈദ്യുതീകരണ പദ്ധതി | - | 35.00 ലക്ഷം രൂപ |

അഡാക്ക് മുഖേന നടപ്പിലാക്കുന്ന കൈപ്പാട് നെല്ലും ചെമ്മീനും പുനരുദ്ധാരണ പദ്ധതിയിൻ കീഴിൽ ഗുണഭോക്തൃ ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത് താഴെ പറയും പ്രകാരം സബ്സിഡി വിതരണം ചെയ്തിട്ടു ണ്ട്

| | | |
|---|---|---|
| ഉദയം സ്വയം സഹായ സംഘം , പിണറായി | - | 4,83,750 /- രൂപ |
| കനാടൻ കൈപ്പാട് സ്വയം സഹായ സംഘം , പിണറായി | - | 4,83,500 /- രൂപ |
| ചിറ്റാരിക്ക ഹരിത സ്വയം സഹായ സംഘം , ധർമ്മടം | - | 3,71,250 /- രൂപ |

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.</u>

1. ധർമ്മടം മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി എൻ.എഫ്.ഡി.ബി യിൽ ഉൾപ്പെടുത്തി **113** ലക്ഷം രൂപയുടെ ഭരണാനുമതി **6-3-2013**-ൽ ലഭിച്ചതനുസരിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

2. ഐ.സി.എ.ഡി.പി. പദ്ധതി പ്രകാരം മുഴപ്പിലങ്ങാട് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി **40** ലക്ഷം രൂപയുടെ ഭരണാനുമതി **16-1-2009** ൽ ലഭിച്ചതനുസരിച്ച് ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി **4** റോഡുകൾക്ക് **187.35** ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി റോഡുകൾ ചുവടെ ചേർക്കുന്നു.

| നം. | റോഡിന്റെ പേര് | ഭരണാനുമതി തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | മുഴപ്പിലങ്ങാട് കടവ്-പുഴക്കര മമ്മാക്കുന്ന് പാലം റോഡ് | 92 ലക്ഷം | പൂർത്തീകരിച്ചു |
| 2 | മണപ്പുറം പള്ളി - കെട്ടിനകം റോഡ് | 70 ലക്ഷം | പൂർത്തീകരിച്ചു |
| 3 | മീത്തലെ പീടിക - പരീക്കടവ് റോഡ് | 15 ലക്ഷം | പൂർത്തീകരിച്ചു |
| 4 | മൊയ്തുപാലം - ബീച്ച് റോഡ് | 10.35 ലക്ഷം | പൂർത്തീകരിച്ചു |
| | **ആകെ** | 187.35 **ലക്ഷം** | |

**സെക്ഷൻ ആഫീസർ**